പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 377 27.06.2012-ൽ മറുപടിക്ക്

## സമഗ്ര രോഗപ്രതിരോധ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. എ. എം. ആരിഫ് | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) സമഗ്ര രോഗപ്രതിരോധ പരിപാടി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് പറയാമോ ; | എ) തീരുമാനിച്ചിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധത്തിനും, നിയന്ത്രണത്തിനുമായി ഒരു സമഗ്ര ആരോഗ്യ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ 2012 ജനുവരി മുതൽ ആരംഭിച്ചു. ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ഓരോ ജില്ലയിലും ഇപ്പോൾ ഊർജ്ജിതമായി നടന്നു വരുന്നു. |
| ബി) എങ്കിൽ എന്തൊക്കെ പരിപാടികളാണ് പൂർത്തിയാക്കിയതെന്ന് വിശദമാക്കാമോ ; | ബി) സമഗ്ര രോഗപ്രതിരോധ പരിപാടിയുടെ ഭാഗമായി ഒന്നാംഘട്ട പ്രവർത്തനങ്ങളായ വിവിധ തലങ്ങളിലെ ആലോചനായോഗങ്ങൾ, കൊതുക് കൂത്താടി സർവ്വേ, ഉറവിട നശീകരണം, ആരോഗ്യ ബോധവൽക്കരണം, വിവിധ വകുപ്പുകളുടെ സഹകരണത്തോടെയുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നുവരുന്നു. |

.......2

| | |
|---|---|
| | മേയ് 15 മുതൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ രോഗചികിത്സയും പരിചരണവും, പകർച്ചവ്യാധി നിരീക്ഷണം, ഊർജ്ജിത പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും, ക്ലോറിനേഷൻ, സൂപ്പർ ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| സി) ജലശുദ്ധത ഉറപ്പാക്കാനായി ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനകളുടെ വിശദാംശം നൽകാമോ ? | സി) തിരുവനന്തപുരം, എറണാകുളം (കാക്കനാട്), കോഴിക്കോട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികളിൽ കുടിവെള്ള സാമ്പിളുകളുടെ ഗുണമേന്മ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്.<br>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വഴി ജലപരിശോധനാ കിറ്റുകൾ ഉപയോഗിച്ചും കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നു.<br>ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം സ്പെഷ്യൽ സ്ക്വാഡ് പരിശോധിക്കുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പ് ജലവിതരണ യൂണിറ്റുകളിൽ ജല ശുദ്ധീകരണവും, ഗുണമേന്മാ പരിശോധനയും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ